## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3400 — 16.12.2015 ൽ മറുപടിയ്ക്ക്

## മൃഗസംരക്ഷണ വകുപ്പിൽ ആർ.എ.എച്ച്.സി. സംവിധാനം

| ചോദ്യം<br>ശ്രീ.കെ.ദാസൻ | ഉത്തരം<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) മൃഗസംരക്ഷണ വകുപ്പിൽ ആർ.എ.ഐ.സി നിർത്തലാക്കി പകരം ആർ.എ.എച്ച്.സി. സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ? വിശദമാക്കാമോ; | എ) ഉണ്ട്. സർക്കാർ ഉത്തരവ് നം.സ.ഉ(കൈ)നം. 225/13 തീയതി 06.07.13, നം.415/13 തീയതി 13.03.13 എന്നിവയനുസരിച്ച് ആർ.എ.ഐ.സി. കൾ ആർ.എ.എച്ച്.സികളാക്കി പുനർ നാമകരണം ചെയ്തു. നിലവിൽ ഉണ്ടായിരുന്ന ആർ.എ.ഐ.സി.കൾ തന്നെ ആർ.എ.എച്ച്.സികളായി പ്രവർത്തിച്ച് വരുന്നു. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി എവിടെയെല്ലാമാണ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുളളത്. വിശദമാക്കുമോ ; | ബി) നിലവിലുണ്ടായിരുന്ന 38 ആർ.എ.ഐ.സികൾ തന്നെയാണ് ആർ.എ.എച്ച്.സികളായി പ്രവർത്തിക്കുന്നത്. പുതുതായി കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. ആർ.എ.എച്ച്.സി-കൾ താലൂക്ക് അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനുളള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| സി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം? | സി) പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ താലൂക്ക തല സ്ഥാപനങ്ങളായിരിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികൾ, ആർ.കെ.വി.വൈ, കന്നുകുട്ടി പരിപാലന പദ്ധതി, പ്രത്യേക പാക്കേജുകൾ തുടങ്ങിയ വകുപ്പുതല പദ്ധതികളുടെ നടത്തിപ്പും, മേൽനോട്ടവും, റിപ്പോർട്ട് സമാഹരണവും കൂടാതെ പഞ്ചായത്തുതല മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവയും ആർ.എ.എച്ച്.സികൾ മുഖേന നടപ്പിലാക്കുന്നതിന് ലക്ഷ്യമാക്കുന്നുണ്ട്. താലൂക്ക് പരിധിയിൽ വരുന്ന മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടേയും സേവനങ്ങളുടേയും നടത്തിപ്പും വെറ്ററിനറി |

സബ്സെന്ററുകളിൽ വിശദപരിശോധന നടത്തി റിപ്പോർട്ട് ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകുന്നതും ആർ.എ.എച്ച്.സി-കളുടെ പ്രവർത്തനപരിധിയിൽ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നു. ടി നടപടികളിലൂടെ വെറ്ററിനറി ആശുപത്രി/ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ സേവനം കൂടുതൽ സമയം കർഷകർക്കും, കന്നുകാലികളുടെ ചികിൽസ, രോഗപ്രതിരോധ നടപടികൾ തുടങ്ങിയവയും ലഭ്യമാകും.

സെക്ഷൻ ഓഫീസർ